# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## കുറുവ ഗ്രാമ പഞ്ചായത്ത്

## 2015-16

## ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് മലപ്പുറം ജില്ലാ

സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം

e-mail:dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.- കെ എസ് എ എം പി എം.11/2684/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാഓഡിറ്റ് കാര്യാലയം
മലപ്പുറം
തിയ്യതി:24.10.2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് സെക്രട്ടറി മുഖേന

കുറുവ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കുറുവ ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുറുവ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1) (2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

എം.എ.

നം കെ എസ് എ എം പി എം.11/2684/ 2016 തിയ്യതി:24.10.2016

മലപ്പുറം ജില്ലയിലെ കുറുവ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ

## ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ കുറുവ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 01.04.2016 മുതൽ 17.09.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ കെ യു ചേക്കുട്ടി,ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19.09.2016 മുതൽ 28.09.2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ ഷാജഹാൻ .എ എസ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ അബ്ദുന്നാസർ പി.അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ യൂസഫ് പി,സീനി.ഗ്രേ. ഓഡിറ്റർ |
| | ശ്രീമതി ജിഷ കെ ,ഓഡിറ്റർ |

ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി സുബൈദ ടീച്ചർ | 01.04.15മുതൽ31.10.15 |

| | | |
|---|---|---|
| | | വരെ |
| | സെക്രട്ടറി, അഗ്രി ഓഫീസർ, ഐ.സി.ഡി.എസ്.സൂപ്പർവൈസർ എന്നിവരടങ്ങിയ അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി | 01.11.15മുതൽ18.11.15വരെ |
| | ശ്രീ. യൂസഫ് മുല്ലപ്പള്ളി | 19.11.15മുതൽ31.03.16വരെ |
| സെക്രട്ടറി | ശ്രീ. രാമൻകുട്ടിവാര്യർ | 01.04.15മുതൽ02.12.15വരെ |
| | ശ്രീ.രാജീവ്.കെ.(അഡീ. ചാർജ്ജ് ) | 03.12.15മുതൽ31.03.16വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | | കാലയളവ് |
| അസി. സെക്രട്ടറി | ശ്രീ.രാജീവ്.കെ | 01.04.15മുതൽ 31.03.16വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ. സൈതലവി.എം.ഇ. | 01.04.15മുതൽ 31.03.16വരെ |
| അസി.എഞ്ചിനീയർ | ശ്രീ.സജീബ്.കെ | 01.04.15മുതൽ 10.06.15വരെ |
| അസി.എഞ്ചിനീയർ | ശ്രീ. ജോൺസൺ.പി.സി. | 11.06.15മുതൽ 11.08.15വരെ |
| അസി.എഞ്ചിനീയർ | ശ്രീ.മനോജ്.കെ.ജി. | 12.08.15മുതൽ 31.03.16വരെ |
| വെറ്ററിനറി സർജൻ | ഡോ.സജിത്ത്.പി. | 01.04.15മുതൽ 02.10.15വരെ |
| വെറ്ററിനറി സർജൻ | ഡോ. മുരളി.കെ.വി. | 03.10.15മുതൽ 16.12.15വരെ |
| വെറ്ററിനറി സർജൻ | ഡോ.മുജീബ്റഹ്മാൻ | 17.12.15മുതൽ 28.12.15വരെ |

| | | |
|---|---|---|
| വെറ്ററിനറി സർജൻ | ഡോ.സ്മിത സി.എസ്. | 29.12.15 മുതൽ 31.03.16 വരെ |
| ഐസിഡിഎസ് സൂപ്പർവൈസർ | ശ്രീമതി ആയിഷ.പി. | 01.04.15 മുതൽ 31.03.16വരെ |
| മെഡിക്കൽ ഓഫീസർ- | ഡോ. രാമകൃഷ്ണൻ | 01.04.15മുതൽ 10.05.15വരെ |
| മെഡിക്കൽ ഓഫീസർ | ഡോ.ഷംസുദ്ദീൻ | 11.05.16 മുതൽ 22.06.16 വരെ |
| മെഡിക്കൽ ഓഫീസർ | ഡോ.റോസ്മിർ.ടി തയ്യിൽ | 23.06.15 മുതൽ 24.06.15 വരെ |
| മെഡിക്കൽ ഓഫീസർ | ഡോ. മുഹമ്മദ് ഫൈസൽ | 25.06.15 മുതൽ 31.12.15 വരെ |
| മെഡിക്കൽ ഓഫീസർ | ഡോ. ഉഷ | 01.01.16 മുതൽ 31.03.16 വരെ |
| മെഡിക്കൽ ഓഫീസർ- ആയുർവ്വേദം | ഡോ.ആശ.കെ. | 01.04.15മുതൽ 16.06.15വരെ |
| മെഡിക്കൽ ഓഫീസർ- ആയുർവ്വേദം | ഡോ. ഉഷാവത്ത്.സി. | 17.06.15മുതൽ 31.03.16വരെ |
| മെഡിക്കൽ ഓഫീസർ- ഹോമിയോ | ഡോ.ഹാരിസ്.പി.കെ. | 01.04.15മുതൽ 20.08.15വരെ |
| മെഡിക്കൽ ഓഫീസർ- ഹോമിയോ | ഡോ.സുമയ്യ.പി. | 21.08.15മുതൽ 31.03.16 വരെ |
| വി.ഇ.ഒ | ശ്രീ. ലിജോ ജോസഫ് | 01.04.15 മുതൽ 30.06.15 വരെ |

| | | |
|---|---|---|
| വി.ഇ.ഒ | ശ്രീ. ശ്രീജിത്.കെ | 01.07.15 മുതൽ 31.03.16 വരെ |
| കൃഷി ഓഫീസർ | ശ്രീമതി സമീറ കറുമണ്ണിൽ | 01.04.15 മുതൽ 16.11.15 വരെ |
| കൃഷി ഓഫീസർ | ശുഹൈബ് തൊട്ടിയൻ | 17.11.15 മുതൽ 31.03.16 വരെ |
| ഡി.ഇ.ഒ | സറിൻ.പി.ജോർജ് | 01.04.15 മുതൽ 31.03.16 വരെ |

ഉള്ളടക്കം

| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം 2 | | |
| 1 | ബിൽഡിംഗ് പെർമിറ്റ് ഫീ കുറവായി ഈടാക്കി | 2-1 | |
| 2 | തൊഴിൽ നികുതി - സംബന്ധിച്ച് | 2-2 | |
| 3 | പാരാമെഡിക്കൽ രജിസ്ട്രേഷൻഫീ കുറവായി ഈടാക്കി | 2-3 | |
| 4 | ഡി ആന്റ് ഒ ലൈസൻസ്- പൊതു അപാകതകൾ | 2-4 | |

| ഭാഗം 3 | | | |
|---|---|---|---|
| 1 | കുഴൽ കിണർ നിർമ്മാണം - ചെലവു തുക അംഗീകരിക്കുന്നില്ല | 3-1 | |
| 2 | നടപ്പാത കോൺക്രീറ്റിന് അധിക കനം നൽകിയത് അനുവദിക്കുന്നില്ല | 3-2 | |
| 3 | കാലിത്തൊഴുത്ത് നിർമ്മാണം - പദ്ധതി നടത്തിപ്പിൽ അപാകത | 3-3 | |
| 4 | എം കെ എസ് പി വനിതാ ലേബർ ബാങ്ക് വിഹിതം നൽകി-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 3-4 | |
| 5 | ലക്ഷ്യം കൈവരിക്കാത്ത പദ്ധതികൾ | 3-5 | |
| 6 | സ്കൂളുകൾക്ക് പത്രങ്ങളും, ആനുകാലിക മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ചത് ക്രമത്തിലല്ല. | 3-6 | |
| 7 | ഫിസിയോ തെറാപ്പി കേന്ദ്രത്തിന്റെ നടത്തിപ്പ് കാര്യക്ഷമമല്ല | 3-7 | |
| 8 | മാലിന്യസംസ്കരണ പ്രോജക്ടുകൾ പൂർത്തീകരിച്ചില്ല | 3-8 | |
| 9 | മരുന്നുകൾ മുഴുവനും ലഭ്യമായില്ല | 3-9 | |
| 10 | സംയുക്ത പ്രോജക്ടുകൾ- ചെലവഴിക്കാത്ത തുകകൾ തിരിച്ചടവാക്കിയില്ല | 3-10 | |
| | ഭാഗം 4 | | |
| 1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1. | |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്: | 4-3. | |

| | | | |
|---|---|---|---|
| 4 | വായ്പ/ വായ്പ തിരിച്ചടവ് | 4-4. | |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5. | |
| 6 | ഓഡിറ്റ് റിക്കവറി | 4-6. | |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7. | |
| 8 | ഓഡിറ്റ് പ്രത്യവലോകനം | 4-8. | |
| 9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9. | |

## ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2015-16വർഷത്തെ ബജറ്റ് 19.03.15തിയതിയിലെ 1ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 27.06.2016 | - | - |

### 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|

| | | |
|---|---|---|
| 2015-16 | 26.09.2016 | |

<u>വാർഷിക കണക്കിലെ അപാകതകൾ</u>

1. വസ്തു നികുതി തൻവർഷ ഡിമാന്റ് രജിസ്റ്റർ , കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ പൂർത്തീകരിച്ചിട്ടില്ല.

2 . സാംഖ്യ സമ്പ്രദായം നിലവിൽ വരുന്നതിന് മുമ്പുള്ള എല്ലാ ആസ്തികളുടേയും മൂല്യം കണക്കാക്കി വാർഷിക
കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

3. താഴെ പറയുന്ന വരവിനത്തിൽ രജിസ്റ്ററുകളിലെ തുകയും വാർഷിക കണക്കിലെ തുകയും പൊരുത്തപ്പെടുന്നില്ല.

| ഇനം | രജിസ്റ്റർ പ്രകാരം തുക | വാർഷികധനകാര്യപത്രിക പ്രകാരം തുക | വ്യത്യാസം |
|---|---|---|---|
| പാരാമെഡിക്കൽ രജിസ്ട്രേഷൻ | 900 | 1200 | 300 |

(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്,ബാലൻസ് ഷീറ്റ്,ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

4. വാർഷിക കണക്കിൽ സർക്കാർ, ഇതര ധനസഹായങ്ങൾ എന്നിവയുടെ യഥാർത്ഥ വരവ് രേഖപ്പെടുത്തിയിട്ടില്ല. പകരം ചെലവു തുകയിൽ നിന്നും മുന്നിരിപ്പ് കഴിച്ച് ബാക്കി തുക മാത്രം വരവ് ചേർത്ത് നീക്കിയിരിപ്പ് ഇല്ലാതാക്കിയിരിക്കുന്നു.

## 1-4 <u>സാമ്പത്തിക വിശകലനം</u>

മുന്നിരിപ്പ് - 42376844

വരവ് - 41863953

ആകെ - 84240797

ചെലവ് - 58073040

നീക്കിയിരിപ്പ് - 26167757

## 1-5 <u>ഫണ്ട് വിനിയോഗം</u>

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 6207648 | 29214102 | 35421750 | 21030482 | 14391268 | 59.37 |

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് എസ്.സി.പി. | 2286597 | 6223597 | 6964370 | 3458184 | 3506186 (lapsed) | 49.65 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 38000 | 38000 | 0 | 38000 (lapsed) | Nil |
| സംരക്ഷണഗ്രാന്റ് റോഡ് | 144921 | 7501921 | 7646842 | 7058146 | 588696 (lapsed) | 92 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 902241 | 5522241 | 6424482 | 4554289 | 1870193 (lapsed) | 70.88 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 3188923 | 9113121 | 6839489 | 3291737 | 3547752 (lapsed) | 48.12 |
| പെർഫോമൻസ് ഗ്രാന്റ് | 5827587 | 2355427 | 5827587 | 5827587 | 0 | 100 |
| എം.എൻ.ആർ.ഇ.ജി.എസ്. | 0 | 8370266 | 8370266 | 8358066 | 12200 | 99.85 |
| ബി ഫണ്ട് | 0 | 33323476 | 33323476 | 33323476 | 0 | 100 |

വികസന ഫണ്ടിലേക്ക് ട്രാന്സ്ഫർ ക്രെഡിറ്റ് ചെയ്ത തുകകൾ

വികസന ഫണ്ട് OB യിൽ ജില്ലാ പഞ്ചായത്തിന്റെ 400000/- രൂപയും ബ്ലോക്ക് പഞ്ചായത്തിന്റെ 348620/- രൂപയും അടങ്ങിയിട്ടുണ്ട്.

CFC : 5462555

KLGSDP : 2355427

SCP : 1545824

T.C കുറവാക്കിയ തുകയാണ് മേൽ ഇനങ്ങളിൽ ആകെ വരവായി എടുത്തിട്ടുള്ളത്.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 208 | 76424434 | 167 | 46325850 | 35 | 41 | 780 |

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 71.56 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 1031780 | 1068420 | 36640 | 3.55 |
| നികുതിയേതര വരവുകൾ | 8736507 | 1242625 | - 7493882 | - 85.78 |
| മറ്റുവരവുകൾ | 11556987 | 3754695 | -7802292 | -67.51 |
| ആകെ | 21325274 | 6065740 | -15259534 | -71.56 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 135600 | 165 |
| കർഷകതൊഴിലാളി പെൻഷൻ | 2948010 | 390 |
| വിധവാപെൻഷൻ | 13921640 | 1559 |
| വാർദ്ധക്യകാലപെൻഷൻ | 11023530 | 1601 |
| വികലാംഗപെൻഷൻ | 4713765 | 482 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 240000 | 8 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 272000 | 36 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.09.2016 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 18458/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ പൂർത്തീകരിച്ചിട്ടില്ല. വെറ്ററിനറി സർജൻ , ഹെഡ് മാസ്റ്റർ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ ടി ആർ 7A ക്യാഷ്ബുക്ക് സൂക്ഷിച്ചിട്ടില്ല.കൃഷി ഓഫീസർ, വെറ്ററിനറി സർജൻ

എന്നിവർ പ്രോജക്ട് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

## 1-11 മറ്റു ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.08.16 മുതൽ 23.08.16 വരെ | 01.07.16 മുതൽ 31.07.16വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 07.07.2008 മുതൽ 19.07.2008വരെ | 1997-98 മുതൽ 2007-08 വരെ | 29.08.2008 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ബിൽഡിംഗ് പെർമിറ്റ് ഫീ കുറവായി ഈടാക്കി

2015-16 ലെ കെട്ടിട നിർമ്മാണ ലൈസൻസ് നൽകിയതിന്റെ അപേക്ഷകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ ശ്രീമതി ചക്കതൊടി നസീറ എന്നിവർ വാണിജ്യാവശ്യത്തിനായി നിർമ്മിക്കുന്ന 213.37m2 വിസ്തീർണ്ണമുള്ള കെട്ടിടത്തിന് 21.04.15 ന് പെർമിറ്റ് (നമ്പർ 57/15-16) അനുവദിച്ചിട്ടുണ്ട്. എന്നാൽ പെർമിറ്റ് ഫീ കുറവായാണ് ഈടാക്കിയത് . വിശദ വിവരം താഴെ ചേർക്കുന്നു.

| ഈടാക്കിയ ഫീ | ഈടാക്കേണ്ട ഫീ | കുറവായി ഈടാക്കിയ ഫീ |
|---|---|---|
| 960 | 213.37*5= 1067 | 107 |

ബിൽഡിംഗ് പെർമിറ്റ് ഫീ കുറവായി ഈടാക്കിയത് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ടി തുക മേൽ കെട്ടിട ഉടമയിൽ നിന്നോ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നോ ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്

## 2-2 തൊഴിൽ നികുതി സംബന്ധിച്ച്

തൊഴിൽ നികുതി രജിസ്റ്ററുകളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

(i) വറ്റല്ലൂർ പോസ്റ്റ് ഓഫീസിലെ 3 ജീവനക്കാരിൽ നിന്നും 2015-16 രണ്ടാം അർദ്ധവാർഷിക തൊഴിൽ നികുതി ഈടാക്കിയിട്ടില്ല . ആയത് ഈടാക്കേണ്ടതാണ്.

(ii)പഞ്ചായത്തിലെ ഡി ആന്റ് ഒ ലൈസൻസിയായ ശ്രീ പുളിക്കൽ തൊടി അബ്ദുൾ അസീസ്(ലൈസൻസ് നമ്പർ 308/2015-16) എന്നവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ആയത് ഈടാക്കേണ്ടി

വിവരം ലഭ്യമാക്കേണ്ടതാണ്.

(iii)ശിശുവികസന പദ്ധതി ഓഫീസറായ ശ്രീമതി വി ജി ലളിതകുമാരി 2015-16 വർഷത്തിൽ തൊഴിൽ നികുതി അടവാക്കിയിട്ടില്ല. ആയത് അടവാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 2-3 പാരാമെഡിക്കൽ രജിസ്ട്രേഷൻ ഫീ കുറവായി ഈടാക്കി

(1) 1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ ചട്ടം 3(2) പ്രകാരം ഒരു സ്വകാര്യ ആശുപത്രിയോ , സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനമോ ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്നനതിന് 200/- രൂപ രജിസ്ട്രേഷൻ ഫീസ് ഈടാക്കേണ്ടതാണ്. 2015-16 വർഷത്തിലെ പാരാമെഡിക്കൽ രജിസ്ട്രേഷൻ രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്നവരിൽ നിന്നും രജിസ്ട്രേഷൻ ഫീ കുറവായി ഈടാക്കിയതായി കാണുന്നു.

| ക്രമ നമ്പർ | പേര് | ഈടാക്കിയ ഫീ | ഈടാക്കേണ്ട ഫീ | കുറവായി ഈടാക്കിയ ഫീ |
|---|---|---|---|---|
| 1 | ഷർഷാദ് ബാബു (ജനതാ ക്ലിനിക്ക്& ലബോറട്ടറി) | 100 | 200 | 100 |
| 2 | ഡോ. ഷഹീദ് വി (ഷിഫാ ഹോമിയോ പതിക്ക് മെഡിക്കൽ സെന്റർ) | 100 | 200 | 100 |

കുറവായി ഈടാക്കിയ രജിസ്ട്രേഷൻ ഫീ ഈടാക്കേണ്ടതാണ്.

## 2-4 ഡി ആന്റ് ഒ ലൈസൻസ്- പൊതു അപാകതകൾ

1. പ്ലാസ്റ്റിക് നിരോധന സാക്ഷ്യപത്രം ഇല്ലാതെ ലൈസൻസ് അനുവദിച്ചു.

ജി ഒ (ആർ ടി)795/2007/ത.സ്വ.ഭ.വ 16.03.2007 പ്രകാരം ഡി ആന്റ് ഒ ലൈസൻസ് പുതുക്കി നൽകുമ്പോൾ സ്ഥാപനങ്ങൾ 30 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് ക്യാരിബാഗുകൾ നിരോധിച്ചുകൊണ്ടുള്ള മലിനീകരണ നിയന്ത്രണബോർഡ് വിജ്ഞാപനം പാലിക്കുമെന്ന് അണ്ടർ ടേക്കിംഗ് നൽകേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിലെ 2015-16 വർഷത്തെ ഡി ആന്റ് ഒ ലൈസൻസ് അനുവദിച്ച അപേക്ഷകളിലൊന്നും തന്നെ മേൽ അണ്ടർ ടേക്കിംഗ് സമർപ്പിച്ചിട്ടില്ല.

2.അന്വേഷണ റിപ്പോർട്ട് , സെക്രട്ടറിയുടെ തീരുമാനം എന്നിവ അപേക്ഷയിൽ ഇല്ല

1. ഡി ആന്റ് ഒ ലൈസൻസ് അപേക്ഷകളിലൊന്നും തന്നെ അപേക്ഷയെക്കുറിച്ചുള്ള അന്വേഷണ റിപ്പോർട്ടോ, സെക്രട്ടറിയുടെ തീരുമാനമോ രേഖപ്പെടുത്തിയിട്ടില്ല.

   മേൽ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കുഴൽ കിണർ നിർമ്മാണം- ചെലവു തുക അംഗീകരിക്കുന്നില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി. എഞ്ചിനിയർ

പ്രോജക്ട് - കുഴൽകിണർ നിർമ്മാണം (219/16)

T S No. GM/458/15 Dt.18.8.2015 (Dist. Officer,GWD,Malappuram)

കരാറുകാരൻ - ശ്രീ.T. മുജീബു റഹ്മാൻ (എസ്റ്റി.നിരക്ക്)

കരാർ നം. AE/LSGD/KUR/62/15-16 Dt.25.9.15

M B No.62/15-16

ഫണ്ട് - 4,50,000/-( തനതു ഫണ്ട്)

പ്രവൃത്തി മൂല്യം -4,07,940/-

ചെക്ക് നം.- 3989169/26.2.16-Rs. 8,12,213/-

വിവിധ വാർഡുകളിലായി 8 കുഴൽകിണർ നിർമ്മിക്കുന്നതിനുള്ള പ്രോജക്ടാണിത്. കിണർ കുഴിച്ച് pvcപൈപ്പിട്ട് pvc cap ഇട്ട് മൂടുന്ന പ്രവൃത്തിയാണ് എസ്റ്റിമേറ്റിലുള്ളത്. കിണറുകൾ നേരിട്ട് പരിശോധിച്ചതിൽ വാർഡ് 6 ൽ ഉൾപ്പെട്ട ചൊവ്വന കുഴൽകിണർ നിർമ്മാണം പാതിവഴിയിൽ ഉപേക്ഷിച്ചതായി കാണുന്നു. നാലു ഭാഗവും വെള്ളത്താൽ ചുറ്റപ്പെട്ട ഭൂമിയിൽ നിർമ്മിച്ച് തുടങ്ങിയ കിണർ ചെളി കാരണം പൈപ്പ് താഴ്ത്താൻ കഴിയാത്തതിനാൽ പ്രവൃത്തി ഉപേക്ഷിച്ചതായി സ്ഥലവാസികൾ പറഞ്ഞു. എന്നാൽ എം.ബുക്ക് പ്രകാരം 100 മീ.താഴ്ച140mm pvc പൈപ്പ് 12 മീറ്റർ താഴ്ചയിൽ ഇട്ട് പൂർത്തിയാക്കി pvc cap ഉം ഇട്ടതിന് താഴെപ്പറയും പ്രകാരം തുക ചെലവഴിച്ചു.

Drilling Charge(110 mm dia)-100 m @350/m =35000/-

Pvc pipe(140mm)-12m@430/m =5160/-

Pvc Cap(140mm) = 150/-

ആകെ =40310/-

കൂടാതെ വലിയ വളപ്പ് ചെറുകുളമ്പ് കുഴൽകിണർ നിർമ്മാണത്തിന് ആസ്യ കണ്ണമ്പ്രൻ ഹൗസ് എന്നയാൾ 25/2 സർവ്വെ നമ്പറിൽ പെട്ട 1/2 സെന്റ് സ്ഥലം കുഴൽകിണർ നിർമ്മിക്കുന്നതിനായി 29.09.14 ന് പഞ്ചായത്തിന് വിട്ടു നൽകി വില്ലേജ് ഓഫീസർ മുമ്പാകെ ഒപ്പിട്ടു നൽകിയിട്ടുണ്ട്. ഈ കിണർ 100 മീറ്റർ താഴ്ച ,5 മീറ്റർ ആഴത്തിൽ 140 മി.മീ. വ്യാസത്തിൽ പി.വി.സി. പൈപ്പിനും പി.വി.സി.ക്യാപ്പിനും കൂടി ആകെ 37300/- രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. സ്ഥല പരിശോധനയിൽ ആസ്യ, കണ്ണംപുറത്ത് എന്നയാളുടെ പുരയിടത്തിൽ വീടിനു സമീപം കിണർ നിർമ്മിച്ചു കണ്ടു. ടിയാൾ മോട്ടോർ വെച്ച് സ്വന്തം ആവശ്യാർത്ഥം തന്റെ വീടിനു മുകളിലെ വാട്ടർ ടാങ്കിലേക്ക് വെള്ളം അടിക്കുന്നതിന് സൗകര്യപ്പെടുത്തിയത് കണ്ടു. പൊതു ഫണ്ട് ഉപയോഗിച്ച് പൊതു ആവശ്യത്തിന് വേണ്ടി സ്ഥാപിച്ച കിണർ ഒരു വ്യക്തി മാത്രം ഉപയോഗിക്കുന്നത് പദ്ധതിയുടെ ലക്ഷ്യം സാധൂകരിക്കുന്നതല്ല. ആയതിനാൽ പ്രസ്തുത ചെലവ് അംഗീകരിക്കുന്നില്ല. പഞ്ചായത്തിന് ഭൂമി വിട്ടു നൽകിയ രേഖ ഫയലിൽ ഉണ്ടെങ്കിലും അതിരു തിരിച്ചു വഴി രേഖപ്പെടുത്തിയതായി കാണുന്നില്ല.

മേൽ രണ്ടു പ്രവൃത്തികളിലും ചെലവഴിച്ച തുകകൾ മേൽ പറഞ്ഞ കാരണങ്ങളാൽ അംഗീകരിക്കുന്നില്ല. ഈ ഇനത്തിൽ വന്ന ചെലവ് 40310+37300= 77610/- ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കി അടവാക്കേണ്ടതാണ്.

## 3-2 നടപ്പാത കോൺക്രീറ്റിന് അധിക കനം നൽകിയത് അനുവദിക്കുന്നില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

പദ്ധതി : പഴമല്ലൂർ സബ്സെന്റർ - കുഞ്ഞാടിപ്പറമ്പ് നടപ്പാത കോൺക്രീറ്റ് ചെയ്യൽ (105/16)

ഫണ്ട് : 2 ലക്ഷം രൂപ (തനത് ഫണ്ട്)

കൺവീനർ : ശ്രീ അബ്ദുൾ മജീദ്

T S No.79/AEE/LSGD/MKD/15-16 dt 20.06.15- 200000/-

MB No.3/15-16

ചെക്ക് നമ്പർ359769/19.9.15 ; 1,99,580/-

വൗച്ചർ നമ്പർ. 19/15-16 , dtd 29.09.15

പ്രവർത്തി മൂല്യം : 1,88,283.35

(+) നികുതികൾ : 11,297

ആകെ : 1,99,580.35

കരിങ്കല്ല് പാക്കിംഗ് നടത്തിയ നിലവിലുള്ള നടപ്പാതയുടെ മുകളിൽ1:2:4 അനുപാതത്തിൽ 20mm ഗ്രേഡഡ് മെറ്റൽ ഉപയോഗിച്ച് 10cm കനത്തിൽ കോൺക്രീറ്റ് ചെയ്യുന്ന എസ്റ്റിമേറ്റിനാണ് T.S നൽകിയിരിക്കുന്നത്. എസ്റ്റിമേറ്റിൽ റോഡിന്റെ നീളം 86.5 മീറ്ററും വീതി 3.5 മീറ്ററും ആണ് കാണിച്ചിട്ടുള്ളത്. എന്നാൽ M B പ്രകാരം പ്രവർത്തി നടത്തിയിരിക്കുന്ന അളവുകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| 7.50*(4.5+3.3)/2*.10 | 2.925 |
| 9.50*(3.3+3.1)/2*0.10 | 3.040 |
| 19*(3.1+3)/2*0.10 | 5.795 |
| 11.50*(3+3.8)/2*0.10 | 3.910 |
| 7*(3.8+5)/2*.10 | 3.080 |
| 3.50*(3.5+4)/2*0.10 | 1.323 |
| 28*(1.2+1.2)/2*0.10 | 3.360 |
| 25*(1+1.1)/2*0.10 | 2.625 |
| 15*1.10*0.10 | 1.650 |
| 23*1.20*0.10 | 2.760 |
| Total | 30.468m3 |

കുറക്കുക : പഴയ സ്റ്റെപ്പ് :1*1*.10=.10

ബാക്കി അളവ് =30.

നൽകിയ തുക = 1,88,283.35

1.2m വരെ വീതിയുള്ള നടപ്പാതക്ക് 10 cm കനം കോൺക്രീറ്റിംഗ് നടത്തിയത് അംഗീകരിക്കുന്നില്ല. നടപ്പാത കോൺക്രീറ്റിന് മറ്റു പ്രവർത്തികളിൽ 7.5 cm കനമാണ് നൽകിയിട്ടുള്ളത്. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

1. പൊടിയാട്ടുപാറ ഇടവഴി കോൺക്രീറ്റ് (115/16)
2. മദ്രസ്സാ പടി കരിഞ്ചാപ്പാടി- പള്ളിപ്പടി നടപ്പാത കോൺക്രീറ്റ്(110/16)
3. മുണ്ട്യനാൽ - ഇല്ലത്തടായി ഇടവഴി കോൺക്രീറ്റ്(132/16)
4. മൊട്ടക്കുന്ന് - കൈപ്പാടം ഇടവഴി കോൺക്രീറ്റ് (235/16)

ആയതിനാൽ 28+25+15+23= 91m നീളത്തിൽ നടപ്പാത കോൺക്രീറ്റ് 7.5 cm കനത്തിൽ പരിമിതപ്പെടുത്തി

. അധികം നൽകിയ കനം 2.5cmന് പ്രകാരം താഴെ കൊടുക്കുന്ന തുക അംഗീകരിക്കുന്നില്ല

| | |
|---|---|
| 28*(1.2+12)/2*0.025 | 0.84 |
| 25*(1+1.1)/2*0.025 | 0.656 |
| 15*1.10*0.025 | 0.413 |
| 23*1.20*0.025 | 0.69 |
| Total | 2.599 |

6202*2.599=16118.99

= 16119/-

ടി തുക ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-3 കാലിത്തൊഴുത്ത് നിർമ്മാണം-പദ്ധതി നടത്തിപ്പിൽ അപാകത

ബിൽ നമ്പർ- 5 /2015-16, 29-3-2016 =110000 രൂപ.

പ്രൊജക്റ്റ് നമ്പർ- 103 /16

20 ഗുണഭോക്താക്കൾക്ക്ശാസ്ത്രീയമായ രീതിയിൽ കാലിത്തൊഴുത്ത് നിർമ്മിക്കാൻ ലക്ഷ്യമിട്ട മേൽ പ്രൊജക്റ്റിൽ കുറഞ്ഞത് 25000 രൂപ മതിപ്പ് ചെലവുള്ള തൊഴുത്ത് ഗുണഭോക്താക്കൾ നിർമ്മിക്കണമെന്നും തറ കോൺക്രീറ്റ് ചെയ്യണമെന്നും കുറഞ്ഞത് 2 പശുക്കൾക്ക് നിൽക്കാനുള്ള സ്ഥല സൗകര്യം ഉറപ്പാക്കേണ്ടതാണെന്നും വിഭാവനം ചെയ്തിരുന്നു.മേൽ പദ്ധതിയുടെ ഭാഗമായി 11 ഗുണഭോക്താക്കൾക്ക് 10000 രൂപ നിരക്കിൽ സബ്സിഡി നൽകിയിട്ടുണ്ട്. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ പരിഷ്കരിച്ച മാർഗ്ഗരേഖയായ സ.ഉ(എം.എസ്) 362/13/തസ്വഭവ. തീയ്യതി 16.11.2013 നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾ പ്രോജക്റ്റ് നിർവ്വഹണത്തിൽ പാലിച്ചിട്ടില്ല.

പ്രൊജക്റ്റ് നിർവ്വഹണത്തിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ കാണുന്നു.

1.ധന സഹായം കൈപറ്റിയ ഗുണഭോക്താക്കൾ കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ ഇതേ സർവ്വെ നമ്പറിൽ ഇതേ പുരയിടത്തിൽ തൊഴുത്ത് നിർമ്മിക്കുന്നതിന് ധന സഹായം കൈപറ്റിയിട്ടില്ലെന്ന് വെറ്ററിനറി സർജൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2. എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല.

3.തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പരിശോധിച്ചിട്ടില്ല.

4.ഗുണഭോക്താക്കൾ നിലവിൽ കാലികൾ ഉള്ളവരാണോയെന്നും തറ കോൺക്രീറ്റ് ചെയ്തിട്ടുണ്ടോയെന്നും ഉറപ്പാക്കിയിട്ടില്ല.

5. പദ്ധതി മോണിറ്ററിംഗ് നടത്തിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ നിലനിൽക്കുന്നതിനാൽ ചെലവ് തുക 110000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-4 എം. കെ. എസ്.പി.-വനിതാ ലേബർ ബാങ്ക് വിഹിതം നൽകി- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

പ്രൊജക്റ്റ് നമ്പർ- 56 /16

ബിൽ നമ്പർ- 9 /2015-16, 12-2-2016= 22000 രൂപ

ബിൽ നമ്പർ- 10 /2015-16, 12-2-2016 = 360000 രൂപ

ആകെ- 382000

മേൽ ബില്ല് പ്രകാരം 382000 രൂപ നെൽകൃഷി പുനരുദ്ധാരണത്തിനായുള്ള വനിതാ ലേബർ ബാങ്ക് വിഹിതം മഹിളാ കിസാൻ സശാക്തീകരണ പരിയോജന (എം. കെ.എസ്.പി.)യുടെ ചീഫ് എക്സി. ഓഫീസർക്ക് നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക നെൽകൃഷി പുനരുദ്ധാരണത്തിന് ചെലവഴിച്ചതായി വിനിയോഗ സാക്ഷ്യപത്രം എം.കെ.എസ്.പി. യിൽ നിന്നും ലഭ്യമാക്കിയിട്ടില്ല. 382000 രൂപ ചെലവഴിച്ചതായുള്ള വിനിയോഗ സാക്ഷ്യപത്രം എം.കെ.എസ്.പി. യിൽ നിന്നും ലഭ്യമാക്കി പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. അതുവരെ ചെലവു തുക ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-5 ലക്ഷ്യം കൈവരിക്കാത്ത പദ്ധതികൾ

അസി. എഞ്ചിനിയർ നിർവഹണ ഉദ്യോഗസ്ഥനായി സൃഷ്ടിച്ച താഴെപറയുന്ന ആസ്തികൾ ജനോപകാരപ്രദമായ രീതിയിൽ ഉപയോഗിക്കാതിരിക്കുകയോ ഉദ്യേശിച്ച ആവശ്യത്തിനല്ലാതെ മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുകയോ ചെയ്യുന്നതായി കാണുന്നു.

1.പടിഞ്ഞാറ്റുമുറി കുടിവെള്ളപദ്ധതി

2015-16 ൽ ആകെ രൂ.10,33,508/- ചെലവഴിച്ച് 10HP മോട്ടോർ,പമ്പ് ഹൗസ് എന്നിവ സ്ഥാപിക്കുകയും പൈപ്പ് ലൈനുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. സ്ഥല പരിശോധനയിൽ പദ്ധതി ജനങ്ങൾക്ക് നാളിതുവരെയും പ്രയോജനപ്രദമാക്കിയിട്ടില്ല എന്നു കണ്ടു. കുടിവെള്ളപദ്ധതിയുള്ള കിണർ ആയിട്ടും നെറ്റ് ഇട്ട് മൂടി സംരക്ഷിക്കാതെ പായൽ നിറഞ്ഞ് കാണുന്നു. കിണർ നിൽക്കുന്ന സ്ഥലം പഞ്ചായത്ത് മതിൽ കെട്ടി വേർ തിരിച്ച് സംരക്ഷിച്ചിട്ടില്ല. സ്ഥലം പഞ്ചായത്തിനു വിട്ടു നൽകിയ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

2.പാങ്ങ് മഹിളാസമാജം അംഗനവാടി

2015-16 വർഷം രൂ.9,05,848/- ചെലവഴിച്ച് അംഗനവാടി കെട്ടിടം നിർമ്മിച്ചിട്ടുണ്ട്. എന്നാൽ വൈദ്യുതി,വെള്ളം എന്നീ സൗകര്യങ്ങൾ സജ്ജീകരിക്കാത്തതിനാൽ കെട്ടിടം അടച്ചിട്ടിരിക്കുകയാണ്. അംഗനവാടി തൊട്ടടുത്തുള്ള വനിതാ തൊഴിൽ പരിശീലന കേന്ദ്രത്തിൽ പ്രവർത്തിക്കുന്നതായി കണ്ടു.

3.വനിതാ തൊഴിൽ പരിശീലന കേന്ദ്രം

മുൻ വർഷങ്ങളിൽ നിർമ്മിച്ച കെട്ടിടത്തിൽ 2015-16 വർഷത്തിൽ രൂ.2,45,700/- ചെലവഴിച്ച് പൂർത്തീകരണ

പ്രവൃത്തികൾ നടത്തിയിട്ടുണ്ട്. നാളിതുവരെയും യാതൊരു തൊഴിൽ പരിശീലനവും അവിടെ നടത്തിയിട്ടില്ല. നിലവിൽ അംഗനവാടിയായി പ്രവൃത്തിക്കുന്നു.

പഞ്ചായത്ത് കൈവരിക്കുന്ന ആസ്തികൾ എത്രയും വേഗം ജനോപകാരപ്രദമാക്കുന്നതിനും അതാതു ആവശ്യത്തിനായിത്തന്നെ ഉപയോഗിക്കുന്നതിനും ഭരണ സമിതി ശ്രദ്ധിക്കേണ്ടതാണ്.

## 3-6 സ്കൂളുകൾക്ക് പത്രങ്ങളും ആനുകാലികങ്ങളും - മെയിന്റനൻസ് ഫണ്ട് വിനിയോഗിച്ചത് ക്രമത്തിലല്ല.

ബിൽ നമ്പർ- 5/ 2015-16, 28-3-2016= 1,99, 900 രൂപ

പ്രൊജക്റ്റ് നമ്പർ- 15 /2016

മേൽ ബിൽ പ്രകാരം റോഡിതര മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 199900 രൂപ സ്കൂളുകളിലേക്ക് പത്രങ്ങളും ആനുകാലികങ്ങളും വാങ്ങാൻ ചെലവഴിച്ചിട്ടുണ്ട്. ജി.ഒ. (എം.എസ്).300/ 2010/ ത.സ്വ.ഭ.വ , തി- 10-12-2010 നമ്പർ റോഡിതര മെയിന്റനൻസ് ഗ്രാന്റ് വിനിയോഗ മാർഗ്ഗ രേഖ പ്രകാരം കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ആസ്തികൾ സംരക്ഷിക്കുന്നതിനും പുതിയ ആസ്തികൾ സൃഷ്ടിക്കുന്നതിനുമാണ് റോഡിതര മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിക്കേണ്ടത്. റോഡിതര മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിക്കാവുന്ന 25 ഇനങ്ങളും മേൽ മാർഗ്ഗരേഖയിൽ സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. ഇതിൽ ഉൾപ്പെടാത്ത ഇനമായ പത്രങ്ങളും ആനുകാലികങ്ങളും വാങ്ങുന്ന ആവർത്തന ച്ചെലവുകൾക്ക് മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിച്ചത് മാർഗ്ഗ രേഖക്ക് വിരുദ്ധമാണ്. ക്രമ രഹിതമായി സംരക്ഷണ ഫണ്ട് വിനിയോഗിച്ചതിന് വിശദീകരണം നൽകേണ്ടതാണ്.

## 3-7 ഫിസിയോതെറാപ്പി കേന്ദ്രത്തിന്റെ നടത്തിപ്പ് കാര്യക്ഷമമല്ല.

ഭിന്ന ശേഷിയുള്ള കുട്ടികൾക്കുള്ള ഫിസിയോതെറാപ്പി കേന്ദ്രത്തിലേക്ക് ഉപകരണങ്ങൾ വാങ്ങൽ എന്ന പ്രൊജക്റ്റ് പ്രകാരം (പ്രൊജക്റ്റ് നമ്പർ-238/ 16) 1,99,940 രൂപ മുടക്കി MIRA REHABILITATION, MULANTHURUTHY എന്ന സ്ഥാപനത്തിൽ നിന്നും ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട് (Invoice No.Mira/ ker/ 015, date-23-3-16, ഡി.ഡി. നമ്പർ-050171 /30-3-2016).

മേൽ കേന്ദ്രത്തിന് ഉപകരണങ്ങൾ വാങ്ങി നൽകിയതിലും കേന്ദ്രത്തിന്റെ നടത്തിപ്പിലും താഴെ കൊടുത്തിട്ടുള്ള അപാകതകൾ കാണുന്നു.

1. ഫിസിയോതെറാപ്പി കേന്ദ്രം ആരംഭിക്കുന്നതിന് വേണ്ട അടിസ്ഥാന സൗകര്യങ്ങളോ

മുന്നൊരുക്കമോ നടത്താതെയാണ് മുൻകൂട്ടി ഉപകരണങ്ങൾ വാങ്ങിയിട്ടുള്ളത്.

2. അംഗീകരിച്ച പ്രൊജക്റ്റ് പ്രകാരം , കുറവ ഗ്രാമ പഞ്ചായത്തിലെ പ്രത്യേക പരിഗണനയർഹിക്കുന്ന വിവിധ കാറ്റഗറിയിൽ പെട്ട 200ഓളം കുട്ടികൾക്ക് പ്രയോജനപ്പെടുന്ന രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത്. എന്നാൽ കേന്ദ്രത്തിൽ നിന്നും ആഴ്ചയിൽ 10-ൽ താഴെ കുട്ടികൾക്ക് മാത്രമാണ് സേവനം ലഭ്യമാകുന്നത്.

3. ആഴ്ചയിൽ ഒരു ദിവസം മാത്രമാണ് ഫിസിയോതെറാപ്പി നടക്കുന്നതെന്നും നാളിതു വരെ 14 ദിവസങ്ങളിൽ നടന്നെന്നും സ്ഥല പരിശോധന സമയത്ത് ഐ.ഇ.ഡി. റിസോഴ്സ് ടീച്ചർ അറിയിച്ചു. ഒന്നിലധികം ദിവസങ്ങളിൽ ഫിസിയോതെറാപ്പിസ്റ്റിന്റെ സേവനം ലഭ്യമല്ല. തുടർച്ചയായി സേവനം ലഭിക്കാതിരിക്കുന്നത് മൂലം ഗുണഭോക്താക്കൾക്ക് ആവശ്യമായ പ്രയോജനം ലഭിക്കുന്നില്ല.

4. മുൻ വർഷങ്ങളിൽ പരാജയമാണെന്ന് ബോധ്യമായ പ്രൊജക്റ്റുകൾക്ക് സമാനമായ പ്രൊജക്റ്റുകൾ വീണ്ടും നടപ്പാക്കുകയാണെങ്കിൽ പരാജയ കാരണങ്ങളും അവയ്ക്കുള്ള പരിഹാരങ്ങളും കണ്ടെത്തിയ ശേഷമേ പ്രൊജക്റ്റ് തയ്യാറാക്കാവൂയെന്നും വാങ്ങിയതിന് ശേഷം ഉപയുക്തമല്ലാത്ത ആസ്തികൾ സംബന്ധിച്ച് കൃത്യമായ കണക്കെടുത്ത് ഒരു അവസ്ഥാ വിശകലന റിപ്പോർട്ട് തയ്യാറാക്കി അതിന്റെയടിസ്ഥാനത്തിൽ പുതിയ ആസ്തികൾ ആർജ്ജിക്കേണ്ട ആവശ്യമുണ്ടെന്ന് കണ്ടെത്തുകയാണെങ്കിൽ മാത്രമേ സമാന സ്വഭാവമുള്ള പുതിയ ആസ്തികൾ സൃഷ്ടിക്കുന്നതിനായി പ്രൊജക്റ്റുകൾ തയ്യാറാക്കാവൂയെന്നും പദ്ധതി മാർഗ്ഗ രേഖയിൽ സർക്കാർ നിഷ്കർശിച്ചിരുന്നതാണ്. എന്നാൽ 2012-13 വർഷം പ്രതീക്ഷാ പദ്ധതിയുടെ ഭാഗമായി ശാരീരിക- മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കായി 52609 രൂപ മുടക്കി ഫർണീച്ചറുകളും ഉപകരണങ്ങളും വാങ്ങിയെങ്കിലും പദ്ധതി നടപ്പിലാക്കാനാവാത്തതിനാൽ അവ പാങ്ങ് ജി.യു.പി. സ്കൂൾ കെട്ടിടത്തിൽ പ്രയോജനമില്ലാതെ കിടക്കുകയാണ്. ഇത് പരിഗണിക്കാതെയാണ് വേണ്ടത്ര മുന്നൊരുക്കമോ ആസൂത്രണമോ നടത്താതെ ഫിസിയോതെറാപ്പി ഉപകരണങ്ങൾ വാങ്ങിയിട്ടുള്ളത്.

5. പടപ്പറമ്പിലുള്ള ഗ്രാമ പഞ്ചായത്ത് വക കെട്ടിടത്തിലാണ് ഇപ്പോൾ ഫിസിയോതെറാപ്പി കേന്ദ്രം പ്രവർത്തിക്കുന്നത്. കുടുംബശ്രീയുടെ ഓഫീസും പ്രസ്തുത കേന്ദ്രത്തിനുള്ളിൽ പ്രവർത്തിക്കുന്നു. ഫിസിയോതെറാപ്പി കേന്ദ്രമാണെന്ന് തിരിച്ചറിയാവുന്ന തരത്തിൽ ബോർഡുകളൊന്നും കെട്ടിടത്തിൽ പ്രദർശിപ്പിച്ചിട്ടില്ല.

6. ഇങ്ങനെ ഒരു കേന്ദ്രം പഞ്ചായത്തിന്റെ അധീനതയിലോ നിയന്ത്രണത്തിലോ പ്രവർത്തിക്കുന്നതായി പഞ്ചായത്തിന്റെ ആസ്തി റജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുമില്ല.

7. ഗ്രാമ പഞ്ചായത്ത് വാങ്ങി നൽകിയ തെറാപ്പി ഉപകരണങ്ങൾ ഇപ്പോൾ ആരുടെ നിയന്ത്രണത്തിലാണെന്നതിന് രേഖയില്ല.എസ്.എസ്.എ. യുടെ മേൽനോട്ടത്തിലാണ് കേന്ദ്രം പ്രവർത്തിക്കുന്നതെങ്കിൽ ഉപകരണങ്ങൾ രേഖാമൂലം എഗ്രിമെന്റിലൂടെ എസ്.എസ്.എ.ക്ക് കൈമാറേണ്ടതായിരുന്നു.എന്നാൽ ഉപകരണങ്ങൾ രേഖാമൂലം കൈമാറിയിട്ടില്ല.

8. ഉപകരണങ്ങൾ വാങ്ങി നൽകി എന്നല്ലാതെ ഫിസിയോതെറാപ്പി കേന്ദ്രത്തിന്റെ പ്രവർത്തനം സംബന്ധിച്ച് ഗ്രാമ പഞ്ചായത്ത് വിലയിരുത്തുകയോ തുടർ പ്രവർത്തനം നിരീക്ഷണ വിധേയമാക്കുകയോ ചെയ്തിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ എസ്.എസ്.എ ബ്ലോക്ക് പ്രോഗ്രാം ഓഫീസറുടെ കത്തിന്റെ അടിസ്ഥാനത്തിലാണ് ഉപകരണങ്ങൾ വാങ്ങിയതെന്നും ഭരണ സമിതിയിലും വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയിലും ഇക്കാര്യം ചർച്ച ചെയ്തിട്ടുണ്ടെന്നുമാണ് അറിയിച്ചിട്ടുള്ളത്.

പഞ്ചായത്തിനകത്തെ പ്രത്യേക പരിഗണനയർഹിക്കുന്ന എല്ലാവർക്കും പ്രയോജനം ലഭിക്കത്തക്ക രീതിയിൽ വ്യാപക പ്രചരണം നടത്തിയും കേന്ദ്രത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയും ഫിസിയോതെറാപ്പിസ്റ്റിന്റെ സേവനം എല്ലാ ദിവസവും ഏർപ്പെടുത്തി കേന്ദ്രത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്. പ്രതീക്ഷാ പദ്ധതിയുടെ ഭാഗമായി വാങ്ങിയ ഉപകരണങ്ങളും ടി- കേന്ദ്രത്തിന് വേണ്ടി പ്രയോജനപ്പെടുത്തേണ്ടതാണ്.

## 3-8 <u>മാലിന്യ സംസ്കരണ പ്രൊജക്റ്റുകൾ പൂർത്തീകരിച്ചില്ല.</u>

2014-15, 2015-16 വർഷങ്ങളിലായി വി.ഇ.ഒ. നിർവ്വഹണം നടത്തിയ താഴെ കൊടുത്തിരിക്കുന്ന പ്രൊജക്റ്റുകൾ പൂർത്തീകരിച്ചതായി നിർവ്വഹണ ഏജൻസിയായ സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ നാളിതു വരെ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| പ്രൊജക്റ്റിന്റെ പേര് | പ്രൊജക്റ്റ് നമ്പർ | ധനകാര്യ വിശകലനം | റിമാർക്ക്സ് |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| ബയോ ഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ (50 എണ്ണം) | 191/ 14-15<br>39/ 15-16 | ഗ്ര. വി. -2625<br>തനത്- 2625<br>സംസ്ഥാനാവിഷ്കൃത വിഹിതം- 5250<br>ആകെ- 10500 | 47 portable (1 m3 capacity) പ്ലാന്റുകൾ സ്ഥാപിച്ച് നൽകിയതായി സാക്ഷ്യപത്രം SEUF ഹാജരാക്കി. |
| പൈപ്പ് കമ്പോസ്റ്റ് സ്ഥാപിക്കൽ. (167 എണ്ണം) | 192/ 14-15<br>40/ 15-16 | ഗ്ര. വി. -90<br>തനത്- 135<br>സംസ്ഥാനാവിഷ്കൃത വിഹിതം- 675<br>ആകെ- 900 | പദ്ധതി പൂർത്തീകരിച്ചതായി<br>ഒരു വിവരവുമില്ല. |

പദ്ധതി നിർവ്വഹണത്തിനായി താഴെ കൊടുത്തിട്ടുള്ള വിധം 438698 രൂപ നാളിതു വരെയായി നിർവ്വഹണ ഏജൻസിക്ക് നൽകിയിട്ടുണ്ട്.

| ചെക്ക് നമ്പർ/ ഡി.ഡി. നമ്പർ | തുക |
|---|---|
| 18506/ 29-9-14 | 262500 |
| 2353821/ 14-5-14 | 118980 |
| 629363/ 22-6-15 | 31500 |
| 629362/ 22-6-15 | 25718 |
| ആകെ | 438698 |

47 ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചതായി സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ടെങ്കിലും പൈപ്പ് കമ്പോസ്റ്റ് സ്ഥാപിച്ചതായി രേഖകളൊന്നും തന്നെ SEUF ൽ നിന്നും ലഭ്യമാക്കിയിട്ടില്ല.പൈപ്പ് കമ്പോസ്റ്റ് സ്ഥാപിക്കുന്നതിനുള്ള പി.വി.സി. പൈപ്പുകളും അവയുടെ സ്റ്റീൽ മൂടികളും(48 എണ്ണം) പഞ്ചായത്ത് ഓഫിസിൽ സൂക്ഷിച്ചിരിക്കുന്നതായി പരിശോധനയിൽ കാണപ്പെട്ടു. സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ പൈപ്പ് കമ്പോസ്റ്റുകളൊന്നും സ്ഥാപിച്ചിട്ടില്ലെന്നാണ് ഇത് വ്യക്തമാക്കുന്നത്. ഇത് സംബന്ധിച്ച് നൽകിയ 4/ 24-9-2016 നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ പൈപ്പ് കമ്പോസ്റ്റിനായി 167 ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിരുന്നു എന്നും 48 ഗുണഭോക്താക്കൾ പൈപ്പ്

കമ്പോസ്റ്റ് സ്ഥാപിക്കാൻ സഹകരിക്കാത്തതിനാലാണ് പദ്ധതി പൂർത്തീകരിക്കാതിരിക്കാൻ ഇടയായതെന്നും വി.ഇ.ഒ. മറുപടി നൽകിയിട്ടുണ്ട്.

തെരഞ്ഞെടുത്തിട്ടുള്ള ഗുണഭോക്താക്കളിൽ പൈപ്പ് കമ്പോസ്റ്റ് സ്ഥാപിക്കാൻ താൽപര്യമില്ലാത്തവർക്ക് പകരം പുതിയ ഗുണഭോക്താക്കളെ കണ്ടെത്തി പദ്ധതി എത്രയും വേഗം പൂർത്തീകരിക്കേണ്ടതും SEUF ൽ നിന്നും പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതുമാണ്.

## 3-9 മരുന്നുകൾ മുഴുവനും ലഭ്യമായില്ല

പ്രോജക്ട് : 121/15

ബിൽ നം./തീയതി: 05/15-16 / 08.03.2016 തുക: 5,00,000/- (സംരക്ഷണ ഗ്രാന്റ്-റോഡിതരം)

കെ.എം.എസ്.സി.എൽ .ന്റെ PFF2059/25.01.2016 പ്രൊഫോർമ ഇൻവോയ്സ് പ്രകാരം 661407/16.03.2016 നമ്പർ ഡി.ഡി. മുഖേന 5,00,000/- രൂപ ,മെഡിക്കൽ ഓഫീസർ KMSCL ന് മുൻകൂർ നൽകിയിട്ടുണ്ട്. ആയതിന് സ്ഥാപനം 29208/07.04.2016 നമ്പർ രശീതി നൽകിയിട്ടുമുണ്ട്.90 ഇനം മരുന്നുകൾക്കായി നൽകിയ പ്രസ്തുത തുകയിൽ 3,22,150 /- രൂപയുടെ മരുന്നുകൾ മാത്രമാണ് 1543/16.06.2016 ഇൻവോയ്സ് പ്രകാരം ലഭിച്ചിട്ടുള്ളത്. 1,77,850/- രൂപയുടെ മരുന്നുകൾ കൂടി ലഭിക്കാൻ ശേഷിക്കുന്നു.

മരുന്നുകൾ ലഭ്യമാകുന്നതിലെ കാല താമസം ആശാസ്യമല്ല. 16.11.2013ലെ ജി.ഒ(എം.എസ്.) 362/13 /ത.സ്വ.ഭ.വ.നമ്പർ ഉത്തരവ് ,അനുബന്ധം16,ഖണ്ഡിക 7.4 പ്രകാരം മരുന്ന് ആവശ്യമായ സമയങ്ങളിൽ ലഭ്യമാകാതിരുന്നാൽ KMSCL ലെ വിലകളേക്കാൾ അധികരിക്കാതെ ,പ്രൊക്യൂർമെന്റ് മാന്വൽ അനുസരിച്ച് മരുന്ന് വാങ്ങാൻ അനുമതിയുള്ളതാണ്. ആയുർവേദ മരുന്നുകൾ 60ദിവസത്തിനകം ലഭ്യമാക്കിയില്ലെങ്കിൽ "ഔഷധി" നഷ്ട പരിഹാരം നൽകാൻ ബാധ്യസ്ഥരാണ് എന്ന സർക്കാർ ഉത്തരവ് KMSCL ന് ബാധകമാക്കിയിട്ടില്ലെങ്കിലും മരുന്നുകൾ ലഭ്യമാകുന്നതിലെ കാല താമസം പ്രസ്തുത ഉത്തരവിന്റെ പ്രസക്തി ശ്രദ്ധേയമാക്കുന്നു.

മരുന്നുകൾ കാല വിളംബം കൂടാതെ KMSCLൽ നിന്ന് ലഭ്യമാക്കാൻ കഴിയില്ലെങ്കിൽ, മേൽ പരാമർശിച്ച സർക്കാർ പദ്ധതി മാർഗ്ഗ രേഖ പ്രകാരം നടപടികൾ സ്വീകരിച്ച്, സമയ ബന്ധിതമായി മരുന്നുകൾ ലഭ്യമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-10 സംയുക്ത പ്രോജക്ടുകൾ - ചെലവഴിക്കാത്ത തുകകൾ തിരിച്ചടവാക്കിയില്ല

വിവിധ സംയുക്ത പ്രോജക്ടുകൾക്കായി വിവിധ വർഷങ്ങളിലായി ഗ്രാമപഞ്ചായത്തിന് ലഭ്യമായ തുകകളുടെ ചെലവു വിവരം താഴെ പറയും പ്രകാരമാണ്.

| പ്രോജക്ട് | വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച വർഷം | തുക | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| പ്രതീക്ഷാ പദ്ധതി | ജില്ലാ പഞ്ചായത്ത് | 2013-14 | 100000 | - | 100000 |
| ആലസ്സംപടി കുടിവെള്ള പദ്ധതി | ബ്ലോക്ക് പഞ്ചായത്ത് | 2013-14 | 350000 | 313873 (14-15) | 36127 |
| ബഡ്സ് സ്കൂളിന് ധനസഹായം | ബ്ലോക്ക് പഞ്ചായത്ത് | 2012-13 | 100000 | - | 100000 |

| | | | | | |
|---|---|---|---|---|---|
| | | | | | |
| പഴംകുളം വേളാർപ്പ് കുടിവെള്ള പദ്ധതി | ബ്ലോക്ക് പഞ്ചായത്ത് | 2013-14 | 300000 | 287507 | 12493 |
| | | | | | 248620 |

ചെലവഴിക്കാതെ അവശേഷിക്കുന്ന മേൽ തുകകൾ അതാതു സ്ഥാപനങ്ങളിലേക്ക് തിരികെ അടവാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2015-16 | 250000 | വികലാംഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 250000 | ഇല്ല |
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 200000 | | 200000 | ഇല്ല |
| ജില്ലാ പഞ്ചായത്ത് | 2015-16 | 300000 | പടിഞ്ഞാറ്റുമുറി കുടിവെള്ള പദ്ധതി (68/15-16 ) | 300000 | ഇല്ല |
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 200000 | | 200000 | ഇല്ല |

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല .

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ എം എസ് ഭവനപദ്ധതി | ജി ഒ 1522/2010 എൽ എസ് ജി ഡി | 2825000 | 1961000 | 561000 | | 1400000 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം/വരവില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | വർഷം | | | |
| 2011-12, 2012-13 | 4(1) | 2014-15 | | നിഷ്ക്രിയാസ്തി – അവലോകനം | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 41863953 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 58073040 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 93729 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 4,92,000 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 77610 | ശ്രീ മനോജ് കെ ജി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | | 16119 | |
| | | 93729 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 110000 | ഡോ.സ്മിത സി എസ്, വെറ്ററിനറി സർജൻ |
| 3-4 | 382000 | ശ്രീ സുഹൈബ് തൊട്ടിയൻ, കൃഷി ഓഫീസർ |

| | | |
|---|---|---|
| | 4,92,000 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം-
ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ –
ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ മനോജ് കെ ജി, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, പാണ്ടിക്കാട് ഗ്രാമപഞ്ചായത്ത് | കാട്ടു പറമ്പത്ത് ഹൗസ്, അങ്ങാടിപ്പുറം പി ഒ, മലപ്പുറം-679321 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്ക്സ് |
|---|---|---|---|
| 1996-97 | എൽ എഫ് എം 14/1383(1)/99 തിയ്യതി 07.10.10 | 21 | |
| 1997-98 | എൽ എഫ് എം 14/1382/99 തിയ്യതി 07.10.10 | 21 | |
| 1998-99 | എൽ എഫ് എം 11/147/04 തിയ്യതി 07.10.10 | 13 | |
| 1999-2000 | എൽ എഫ് എം 14/570/03 | 14 | |

| | | | |
|---|---|---|---|
| | തിയ്യതി 07.10.10 | | |
| 2000-01 | എൽ എഫ് എം 11/573/03 തിയ്യതി 07.10.10 | 19 | |
| 2001-02 | എൽ എഫ് എം 12/485/08 തിയ്യതി 07.10.10 | 25 | |
| 2002-03 | എൽ എഫ് എം 12/2090/06 തിയ്യതി 07.10.10 | 13 | |
| 2003-04 | എൽ എഫ് എം 12/2350/07 തിയ്യതി 07.10.10 | 13 | |
| 2004-05 | എൽ എഫ് എം 12/1146/08 തിയ്യതി 07.10.10 | 16 | |
| 2005-06 | എൽ എഫ് എം 12/2120/09 തിയ്യതി 07.10.10 | 15 | |
| 2006-07 | എൽ എഫ് എം 12/2121/09 തിയ്യതി 07.10.10 | 22 | |
| 2007-08 | എൽ എഫ് എം 11/2041/10 തിയ്യതി 18.02.11 | 14 | |
| 2008-09 | എൽ എഫ് എം 11/2042/10 തിയ്യതി 11.10.11 | 5 | |
| 2009-10,10-11 | എൽ എഫ് എം 11/2189/13 തിയ്യതി 17.01.12 | 27 | |
| 2011-12,12-13 | കെ എസ് എ എം പി എം 11/224/15 തിയ്യതി 28.03.15 | 22 | |
| 2013-14,14-15 | കെ എസ് എ എം പി എം 11/1431/2016 തിയ്യതി 11.07.16 | 25 | |

ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം

എം.എ.

# Annexuure 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ എസ് എ എം പി എം.11/2684/2016 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,മലപ്പുറം

തീയതി.24.10.2016

1994- ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് നിയമത്തിന്റെ 215ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ കുറുവ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കുറുവ ഗ്രാമ പഞ്ചായത്തിന്റെ 2015-16 വാർഷിക ധനകാര്യ പത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽഅവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

മലപ്പുറം

# Annexure 2

# AUDIT CERTIFICATE

No. KSA/MPM.11/2684/2016 Kerala State Audit Department

District Audit Office,

Place:Malappuram

E-mail- dompm.ksad@kerala.gov.in

Certified that I have Audited the Annual Financial Statement of Kuruva Grama Panchayat in Malappuram District for the year Ended on 31.03.16 in accordance with section 4 of the Kerala Local Fund Audit Act 1994 section 215 of the KeralaPanchayat Raj Act 1994, the rules there under and the guidlines issued by the Comptroller and Auditor General of India for the purpose of audit accounts of Panchayat Raj institutions.

In my Opinion, the financial Statements of Kuruva Grama Panchayat for the year 2015-16 except the observations in my audit report properly presents the picture of income and expenditure.

DEPUTY DIRECTOR

KERALA STATE AUDIT DEPARTMENT